"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - നഴ്സിംഗ് അധ്യാപക വിഭാഗം - സർക്കാർ നഴ്സിംഗ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥലംമാറ്റം/നിയമനം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2025/H&FWD തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.2382/2024/ആ.കു.വ തീയതി 07.10.2024.
2. സ.ഉ.(സാധാ) നം.3143/2024/ആ.കു.വ തീയതി 23.12.2024.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 13.01.2025 ലെ ജി1/1606/2020/മെ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഴ്സിംഗ് അധ്യാപക വിഭാഗം പ്രിൻസിപ്പൽ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം/നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വയനാട് സർക്കർ നഴ്സിംഗ് കോളേജിലെ പ്രിൻസിപ്പലായ പ്രൊഫ.ഉഷ കുമാരി പി-യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം മഞ്ചേരി സർക്കാർ നഴ്സിംഗ് കോളേജിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നു.
ii. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ പ്രൊഫസറായ ശ്രീമതി. റീന.എ.തങ്കരാജ്-നെ, പ്രൊഫ. ഉഷ കുമാരി. പി- യെ സ്ഥലംമാറ്റുന്നതു വഴി വയനാട് സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
ബന്ധപ്പെട്ട ജീവനക്കാർക്ക് (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

കരുതൽ ഫയൽ.(C2/20/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 07-02-2025 15:38:17

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.